**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5754** **08-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പൊതു മേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇ-ഗവേണൻസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കുമോ? | (എ) | വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്റർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്(ഇആർപി) എന്ന ഇ-ഗവേണൻസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു കാലാകാലങ്ങളായി പൊതുമേഖലാസ്ഥാപനങ്ങളിലെ വിവിധ പ്രവർത്തന മേഖലകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ചെലവേറിയ ഇ .ആർ.പി സംവിധാനം നടപ്പിലാക്കുന്നതുകൊണ്ട് പ്രയോജനം ലഭിയ്ക്കാത്ത സ്ഥാപനങ്ങളിൽ നിലവിലുള്ള കമ്പ്യൂട്ടർ സംവിധാനങ്ങളെ സംയോജിപ്പിക്കുന്നതിനുള്ള പ്രായോഗികകത കൂടി പരിശോധിക്കേണ്ടതുണ്ട്. മാത്രമല്ല, വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഓരോ പൊതുമേഖലാസ്ഥാപനത്തിലും സമഗ്രമായ ഒരു ഇ. ആർ.പി സംവിധാനം നടപ്പിലാക്കുന്നതിനെപ്പറ്റി വിശദമായ പഠനം നടത്തുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസ് ആൻഡ് ഇന്നൊവേഷൻ ടെക്നോളജി(KUDSIT) എന്ന സ്ഥാപനത്തെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. മറ്റ് ഇ-ഗവേണൻസ് സംവിധാനങ്ങളുടെ ഭാഗമായി പൊതുമേഖലാസ്ഥാപനങ്ങളുടെ അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ പ്രൊക്വയർമെന്റ് സംവിധാനം മുഖേന 2013 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളുടെ ധന ക്രയവിക്രയങ്ങൾ നടത്തുന്നതിനായി ഇലക്ട്രോണിക്സ് ബാങ്കിംഗ് സംവിധാനം നടപ്പിലാക്കിയതിന് പുറമെ മറ്റ് ഓഫീസ് നടപടിക്രമങ്ങളും ഇ-ഗവേണൻസ് സംവിധാനം മുഖേന നടപ്പിലാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ